വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) രണ്ട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ.

(ബി) കരുനാഗപ്പള്ളി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ കെട്ടിടങ്ങളുടെ പണി ഈയടുത്തകാലത്താണ് പൂർത്തിയായത്. അവിടെ ജലവിതരണത്തിനുള്ള ഏർപ്പാടുകൾ പൂർത്തിയാക്കേണ്ടതായിട്ടിരിക്കുന്നു. ഷെഡ്ഡുകളുടെ വാടകനിരക്ക് നിശ്ചയിക്കുകയും വേണ്ടിയിരിക്കുന്നു. ഇതിനുള്ള നടപടികൾ പൂർത്തിയായാലുടനെ എസ്റ്റേറ്റിൽ പ്രവർത്തനം ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ആറുപേർ.

മരാമത്തു പണികൾ

* 57. [133] ശ്രീ. ജി. ഗോപിനാഥൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്തു പല മരാമത്തുപണികളും ഇന്നത്തെ കോൺട്രാക്റ്റ് സംപ്രദായംകൊണ്ടാണ് നടക്കാത്തതെന്നുള്ള ആക്ഷേപം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അവ ഡിപ്പാർട്ടുമെൻറിന്റെ നേരിട്ടുള്ള മുമതലയിൽ നടത്തുവാൻ വേണ്ട നടപടികൾ കൈക്കൊള്ളുമോ ;

(ബി) ഈ കാര്യത്തിൽ ഉണ്ടാകാനിടയുള്ള കാലതാമസം പരിഗണിച്ച് ഗവണ്മെൻറുസഹായത്തോടുകൂടി മരാമത്തുപണികൾ നടത്തത്തക്കവിധത്തിൽ ഇഞ്ചിനീയറിംഗ് ബിരുദധാരികൾ ഉൾക്കൊള്ളുന്ന സഹകരണസംഘങ്ങൾ രൂപീകരിക്കുവാൻ ഗവണ്മെൻറ് സത്വരനടപടി സ്വീകരിക്കുമോ ?

മരാമത്തുമന്ത്രി (ശ്രീ. ടി. കെ. ദിവാകരൻ) :

(എ) അപ്രകാരം ഒരു ആക്ഷേപം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പല മരാമത്തുപണികളും കൺട്രാക്ടർമാരുടെ പിഴുമൂലം കാലതാമസം വരുന്നതായി ഗവണ്മെൻറിനറിയാം. പൊതുമരാമത്തുപണികൾ ഡിപ്പാർട്ടുമെൻറിന്റെ നേരിട്ടുള്ള മുമതലയിൽ നടത്തുവാൻ സാധിക്കുമോ എന്ന കാര്യം പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) ഇഞ്ചിനീയറിംഗ് ബിരുദധാരികൾ ഉൾക്കൊള്ളുന്ന ചില സംഘടനകൾ ഇപ്പോൾത്തന്നെ നിലവിലുണ്ട്. അവക്ക് ഏതുതരത്തിലുള്ള സഹായസഹകരണങ്ങൾ നൽകാമെന്നുള്ള കാര്യം ഗവണ്മെൻറ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

മുൻസിപ്പാലിറ്റി പിരിക്കേണ്ടതായ ലൈസൻസ്

* 58. [134] ശ്രീ. എം. കെ. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുമന്ത്രി സദയം മുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെങ്കിലും മുൻസിപ്പാലിറ്റികളിൽനിന്നും മുൻസിപ്പാലിറ്റി പിരിക്കേണ്ടതായ ലൈസൻസ് ഫീസ് ഐ. എൻ. ടി. യു. സി. പിരിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു ;

(സി) ഇത്തരം നിയമവിരുദ്ധപ്രവർത്തനം നടത്തുന്ന സംഘടനകളുടെ മേൽ കർശനമായ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

മരാമത്തുമന്ത്രി (ശ്രീ. ടി. കെ. ദിവാകരൻ) :

(എ) ഇല്ല.
(ബി, സി) പ്രോദ്യം ഉദിക്കുന്നില്ല.

UNSTARRED QUESTIONS AND ANSWERS

പൂട്ടിയിട്ട വ്യവസായശാലകൾ

17. [85] ശ്രീ. കെ. ചാത്തുണ്ണി മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൂട്ടിയിട്ട വ്യവസായശാലകളുടെ മാനേജ്മെന്റും ഗവണ്മെന്റും തമ്മിലുണ്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇക്കാര്യത്തിൽ ഗവണ്മെന്റിന്റെ നയമെന്താണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ, ബി) ഇതിനെപ്പറ്റി യാതൊരു പ്രപോസലും ഇതുവരെയും എടുത്തിട്ടില്ല.

തിരുവനന്തപുരം കോർപ്പറേഷൻ

18. [123] ശ്രീ. എൻ. കണ്ണപ്പി : കിഴക്കേക്കോട്ടയിലെ വിദ്യുച്ഛക്തി മരാമത്തു മന്ത്രി അവർകൾ ദയവുചെയ്ത് പറയുമോ :

(എ) തിരുവനന്തപുരം നഗര കോർപ്പറേഷനിൽ തമിഴ് തെരിന്ത അലുവലരാക ഒരേ ഒരു അപ്പർ ഡിവിഷൻ ക്ലർക്കുമാർ മാത്രമേ ഇരിപ്പുള്ളതുകൊണ്ട് കൂടുതൽ തമിഴ് തെരിന്തവർക്കോയോ തകുതിയുള്ളവർക്കോയോ നിയമിക്കാൻ ചെയ്യുവാൻ തയ്യാറുണ്ടോ;

(ബി) മേൽപ്പടി കോർപ്പറേഷനിൽ തമിഴരെയും അംഗീകരിച്ചിരിക്കുന്നതുകൊണ്ട് കൗൺസിൽ കൂട്ടങ്ങളിൽ അംഗങ്ങൾ തമിഴിൽ പേസുമ്പോൾ തർജ്ജമ ചെയ്യുന്നതിന് എഴുത തർജ്ജമക്കാരെ ഒരുവരെ നിയമിക്കാൻ ചെയ്യുവാൻ അവശ്യമായ നടപടിക്രമങ്ങൾ എടുക്കുമോ?

Answer

This is a matter to be considered by the Trivandrum Corporation Council. Proposal for appointment of staff for this purpose has not been received from the Trivandrum Corporation.

ഗവണ്മെന്റ് പ്രിന്റിംഗ് പ്രസ്സ് ഷൊർണ്ണൂർ

19. [114] ശ്രീ. പി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ ഗവണ്മെന്റ് പ്രിന്റിംഗ് പ്രസ്സിൽ പാലക്കാട്ട് ജില്ലയിൽ നിന്നും പ്രത്യേകിച്ച് ഒറപ്പാലം താലൂക്കിൽനിന്ന് അപ്രന്റിസ് കോഴ്സിനു വരുന്നവർക്ക് പ്രവേശനം നിഷേധിക്കപ്പെടുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനു പ്രത്യേക വല്ല കാരണവും ഉണ്ടോ;

(സി) തിരുവനന്തപുരത്തും എറണാകുളത്തും അപ്രന്റിസ് കോഴ്സിനു ആളുകളെ എടുത്ത അവസരത്തിൽ ഷൊർണ്ണൂരിൽ മാത്രം എടുക്കാതിരിക്കുവാൻ കാരണമെന്ത്?

LIBRARY ARCHIVES Kerala Legislative Assembly